ശ്രീ. ടി. ടി. കേശവൻശാസ്ത്രി: എന്തു സഹായമാണു നല്കിയിട്ടുള്ളതു്?

ശ്രീ. ടി. കെ. നാരായണപിള്ള: ചില സ്ഥലങ്ങളിൽ പമ്പിങ്ങ് സബ്സിഡി സൗകര്യങ്ങളും ചെയ്തു കൊടുത്തിട്ടുണ്ടു്. ഒരേക്കറിനു് ഏ പറ നെല്ലു കണക്കാക്കി കൃഷിയാവശ്യത്തിനു വിത്തും കൊടുത്തിട്ടുണ്ടു്.

ശ്രീ. എ. പി. ഉദയഭാനു: ഈ വേലിയേറ്റത്തെപ്പറ്റി വളരെ മുൻകൂട്ടിയുള്ള അറിവു് ഹാർബർ അതോറിട്ടിസിനു് കിട്ടുകയില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: കഴിഞ്ഞ ഒ ൦ വർഷങ്ങളായി ഈ മാതിരിയുള്ള വേലിയേറ്റം പെട്ടെന്നു ഉണ്ടായിട്ടില്ല.

ശ്രീ. എ. പി. ഉദയഭാനു:. ഹാർബർ അതോറിട്ടിസിനു് നേരത്തെ ഇതിനെപ്പറ്റിയുള്ള അറിവു് കിട്ടുകയില്ലേ എന്നാണു ഞാൻ ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള: അതിനെപ്പറ്റി എനിക്കു് അറിവില്ല.

ശ്രീ. കണ്ണാറ ഗോപാലകൃഷ്ണിക്കർ: മടവീണ സ്ഥലങ്ങളിൽ വീണ്ടും കൃഷി ചെയ്യാതെ വിട്ടിട്ടുള്ളതായി അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അറിയാം.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ സംബന്ധിച്ചുള്ള പ്രിവൻറീവ് മെഷേഴ്സിനെപ്പറ്റി എക്സ്പർട്ടുമായി ആലോചന നടത്തിയിട്ടുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംബന്ധിച്ചു് അന്വേഷണം നടത്തിയിട്ടുണ്ടു്. ഈ മാതിരി സംഭവമുണ്ടാകാതിരിക്കാനാണു് വേമ്പനാട്ടു ഡാം കൊണ്ടുദ്ദേശിക്കുന്നതു്.

ഭക്ഷ്യധാന്യം

* ൭ ൩൨. (ഏ൩) ശ്രീമതി ദേവകീഗോപിദാസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഏ൯ ൫ ൦–ൽ എത്ര ടൺ ഭക്ഷ്യധാന്യം തിരുവിതാംകൂർ കൊച്ചിയിൽ ഇറക്കുമതി ചെയ്തു എന്നു പറയാമോ;

(ബി) ഏ൯ ൫ ഏ–ലേക്കു് എത്ര ടൺ ഭക്ഷ്യധാന്യം ഇറക്കുമതി ചെയ്യുന്നതിനുള്ള അനുവാദമുണ്ടെന്നു പറയാമോ?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) ൨,൯൩,൩൦൦ ടൺ.

(ബി) ൩,൨൫,൦൦൦ ടൺ.

ഭക്ഷ്യവികസനപദ്ധതി

* ൭൭൪. (ഏ൪) ശ്രീ. വി. കെ. വല്ലീസു്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഭക്ഷ്യവികസന പദ്ധതിക്കു് ഏ൯൪൯, ഏ൯൫൦ ഈ വർഷങ്ങളിൽ ചിലവാക്കിയ തുക എത്ര;

(ബി) ഈ പദ്ധതിമൂലം ഏ൯൪൯, ഏ൯൫൦–ൽ കൂടുതലായി ഉണ്ടായ ഉല്പാദനം എത്ര?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കലണ്ടർ വർഷമനുസരിച്ചു് കണക്കുകൾ സൂക്ഷിച്ചിട്ടില്ല. ൧൯൪൯, ൧൯൫൦ സാമ്പത്തിക വർഷത്തിൽ ൪൩, ൦൨, ൨ ൭൩ രൂപാ ചിലവാക്കിയിട്ടുണ്ടു്.

(ബി) ഏകദേശം ൨ ൻ, ൦ ൦ ൦ ടൺ അരി കൂടുതൽ ഉല്പാദിപ്പിച്ചിട്ടുണ്ടെന്നു കരുതുന്നു.

ശ്രീ. വി. കെ. വല്ലീസ്: ഈ ചിലവിനത്തിൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളത്തിലേക്കു് എത്ര തുക ചിലവായിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതിന്റെ കണക്കുകൾ ഇപ്പോൾ എന്റെ കൈവശമില്ല.

ശ്രീ. എ. കെ. പാപ്പുപിള്ള: ഉല്പാദനത്തിന്റെ കണക്കു് ശേഖരിച്ച വഴി എന്താണെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: അതു് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ഫുഡ് കൺട്രോൾ കമ്മിറ്റി

* ൭൭൪. (൭൪൪) ശ്രീ. വി. കെ വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഫുഡ് കൺട്രോൾ കമ്മിറ്റി ഓരോ താലൂക്കിലും നിയമിച്ചിരിക്കുന്നതു എന്തിനായിട്ടാണു്;

(ബി) അവരുടെ കൃത്യങ്ങൾ എന്തെല്ലാമാണു്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലുംവകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

(എ, ബി) ഭക്ഷ്യസംഭരണം വിതരണം ഇവ സംബന്ധിച്ചുള്ള കാര്യാദികളെപ്പറ്റി അതാതു സ്ഥലത്തെ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്മാർക്കു് വേണ്ട ഉപദേശം നൽകുന്നതിനു്.

ശ്രീ. വി. കെ. വല്ലീസ്: ഉപദേശം നല്കാൻ മാത്രമേയുള്ളോ അവർക്കു് അധികാരം?

ശ്രീ. ടി. കെ. നാരായണപിള്ള: ഉത്തരവാദിത്വമുള്ള അന്യോദ്യോഗസ്ഥന്മാർ നൽകുന്ന ഉപദേശം ചില അവസരങ്ങളിൽ ശാസനാത്മകവും പ്രാപിക്കുന്നതാണു്.

കുപ്പക്കൃഷി

* ൭൭൫. (൭൫൫) ശ്രീ. വി. കെ. വല്ലീസ്: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സംസ്ഥാനത്തു് എത്ര ഏക്കർ സ്ഥലത്തു കുപ്പക്കൃഷി ഒരു വർഷം ചെയ്യുന്നുണ്ടു്;

(ബി) ഒരേക്കർ സ്ഥലം കുപ്പക്കൃഷിക്കു് ശരാശരി എത്ര ചിലവുവരും;

(സി) സംസ്ഥാനത്തെ ജനങ്ങളുടെ ഭക്ഷണത്തിനു് ഒരു വർഷം എത്ര കുപ്പ ചിലവാകുന്നു;

(ഡി) ഒരു വർഷത്തിൽ എത്രമാത്രം കുപ്പ സംസ്ഥാനത്തിൽ ഉല്പാദിക്കപ്പെടുന്നു;

LIBRARY ARCHIVES Kerala Legislative Assembly